"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേരള നഴ്സസ് ആൻഡ് മിഡ് വൈവ്സ് കൗൺസിൽ ഓഫീസിൽ ബയോമെട്രിക് ഫേസ് പഞ്ചിംഗ് അറ്റൻഡൻസ് സിസ്റ്റം സ്ഥാപിക്കുന്നതിന് കൗൺസിലിന്റെ തനതു ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1903/2026/H&FWD തീയതി,തിരുവനന്തപുരം, 05-06-2026

---

പരാമർശം:- കേരള നഴ്സസ് ആൻഡ് മിഡ് വൈവ്സ് കൗൺസിൽ രജിസ്ട്രാറുടെ 24.04.2026 തീയതിയിലെ ബി31/421/2026/എൻ.സി. നം. കത്ത്.

**<u>ഉത്തരവ്</u>**

കേരള നഴ്സസ് ആൻഡ് മിഡ് വൈവ്സ് കൗൺസിലിലെ ജീവനക്കാരുടെ ഹാജർനില കൃത്യമാക്കുന്നതിനും ഓഫീസ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി ഓഫീസിൽ കെൽട്രോൺ മുഖേന ഒരു ആധുനിക ബയോമെട്രിക് ഫേസ് പഞ്ചിംഗ് സിസ്റ്റം സംവിധാനം നടപ്പിലാക്കുന്നതിനായി കൗൺസിലിന്റെ തനതു ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് ആവശ്യമായ ഭരണാനുമതി നൽകണമെന്ന് പരാമർശകത്ത് പ്രകാരം രജിസ്ട്രാർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള നഴ്സസ് ആൻഡ് മിഡ് വൈവ്സ് കൗൺസിൽ ഓഫീസിൽ ബയോമെട്രിക് ഫേസ് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്നതിനായി കൗൺസിലിന്റെ തനതു ഫണ്ടിൽ നിന്നും ₹1,22,558/- (ഒരു ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി അഞ്ഞൂറ്റി അമ്പത്തിയെട്ട് രൂപ മാത്രം) വിനിയോഗിക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മഞ് ജുള ജി
അണ്ടർ സെക്രട്ടറി

രജിസ്ടാർ, കേരള നഴ്സസ് & മിഡ് വൈവ്സ് കൗൺസിൽ, റെഡ് ക്രോസ് റോഡ്,

തിരുവനന്തപുരം.
മാനേജിംഗ് ഡയരക്ടർ, കെൽട്രോൺ. തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക  (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / കാര്യാലയ പകർപ്പ് (C3/144/2026/ആ.കു.വ)

Signed by
ഉത്തരവിൻ പ്രകാരം,
Rekha Johnson
Date: 05-06-2026 11:51:05

സെക്ഷൻ ഓഫീസർ